**വിവരാവകാശം / മറുപടി**

H4/12935/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 13..3..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

രമേഷ് നായർ
അമ്പാടി, പടിഞ്ഞാറെതറ
കുത്തനൂർ, പാലക്കാട് ജില്ല
പിൻ : 678721

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം 2005 - മറുപടി - സംബന്ധിച്ച്.

സൂചന : താങ്കളുടെ 21/2/17 ലെ വിവരാവകാശ അപേക്ഷ.

സൂചന പ്രകാരം ലഭ്യമായ താങ്കളുടെ വിവരാവകാശ ചോദ്യത്തിന്റെ മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം 1, 4 നുള്ള മറുപടി: വടപ്പനാലിൽ സ്ഥിതിചെയ്യുന്ന തേജസ് ചാരിറ്റബിൾ ട്രസ്റ്റ്, തേജസ് റീഹാബിലിറ്റേഷൻ സെന്റർ ഫോർ മെന്റലി ചലഞ്ച്ഡ് എന്നീ സ്ഥാപനങ്ങൾക്ക് ഈ കാര്യാലയം വഴി യാതൊരുവിധ ധനസഹായങ്ങളും നൽകിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

താങ്കളുടെ 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണെങ്കിൽ ആയത് താങ്കൾക്ക് നേരിട്ട് നൽകുന്നതിലേക്കായി താങ്കളുടെ വിവരാവകാശ അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർ പാലക്കാടിനും OCB യ്ക്കും നൽകുന്നു.

താങ്കൾക്ക് മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ അധികാരിക്ക് ചുവടെ ചേർക്കുന്ന മേൽവിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

ശ്രീ. കെ.കെ.സുരേന്ദ്രകുമാർ
അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

വിശ്വസ്തതയോടെ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്

പകർപ്പ്:
1. മെമ്പർ സെക്രട്ടറി, ഒ.സി.ബി.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, പാലക്കാട്
(ശ്രീ. രമേശ് നായരുടെ ചോദ്യത്തിന്റെ പകർപ്പ് ടിയാന് നേരിട്ട് മറുപടി നൽകുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

9/5/17

NA / 2017

## ഉറച്ച നിലപാട്

12835


**രമേഷ് നായർ**
അമ്പാടി, പരിയാരത്താണി,
കുത്തനൂർ, പാലക്കാട് ജില്ല
കേരളസംസ്ഥാനം-678721
+91 94034 33333
globalnair@gmail.com


"സത്യമേവജയതേ"

### "വിവരാവകാശ നിയമം 2005 പ്രകാരം അറിയാനുള്ള അപേക്ഷ"

21 ഫിബ്രവരി 2017

പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം-33.

സാർ,

മേൽവിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ വിവരാവകാശനിയമപ്രകാരം അറിയുവാൻ ആഗ്രഹിക്കുന്നു.

596
A-3776/17
1/3

1. പാലക്കാട് ജില്ല, ആലത്തൂർ താലൂക്ക്, കുത്തനൂർ പഞ്ചായത്ത് പരിധിയിലെ പടപ്പനാലിൽ സ്ഥിതിചെയ്യുന്ന "(1)Tejus Chaaritable Trust, (2)Tejus Rehabilitation Centre for Mentally Challenged" തുടങ്ങിയ സ്ഥാപനങ്ങൾക്ക് 2005-നുശേഷം ഇന്നുവരെയും നൽകിവന്നിട്ടുള്ള വിവിധ ധനസഹായങ്ങൾ, സബ്സിഡികൾ, മറ്റാനുകൂല്യങ്ങൾ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് ഫണ്ടുകളോ മറ്റേതെങ്കിലും സർക്കാർ ഫണ്ടുകളോ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം.
2. ചോദ്യം നം.1. പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് "Deendayal Desabled Scheme" പ്രകാരം എന്തെങ്കിലും ആനുകൂല്യങ്ങൾ 2005-നു ശേഷമുള്ള കാലയളവിൽ നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ/വിശദാംശങ്ങൾ എന്തെല്ലാം ?
3. ചോദ്യം നം.1. പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് "Grand-in-Aid to Orphanages" scheme പ്രകാരം എന്തെങ്കിലും ആനുകൂല്യങ്ങൾ 2005-നു ശേഷമുള്ള കാലയളവിൽ നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ/വിശദാംശങ്ങൾ എന്തെല്ലാം ?
4. ചോദ്യം നം.1. പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് "Rehabilitation of Destitute Mentally Ill Persons (psycho social)" scheme പ്രകാരം എന്തെങ്കിലും ആനുകൂല്യങ്ങൾ 2005-നു ശേഷമുള്ള കാലയളവിൽ നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ/വിശദാംശങ്ങൾ എന്തെല്ലാം ?
5. മുകളിൽ 1-മുതൽ 4-വരെയുള്ള ചോദ്യങ്ങൾക്ക് ആവശ്യപ്പെട്ട പ്രകാരമല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള സർക്കാർ ധനസഹായം, സർക്കാർ സബ്സിഡി തുടങ്ങി മറ്റേതെങ്കിലും ആനുകൂല്യങ്ങൾ മേപ്പടി സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ/വിശദാംശങ്ങൾ തുടങ്ങിയവ..!

മേൽപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വളരെ വ്യക്തതയോടും കൂടാതെ ആയത് ആധികാരികമാണെന്നു തെളിയിക്കുന്നതിനുതകുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾകൂടിയും എന്റെ പേരിൽ എത്രയും വേഗത്തിൽ അനുവദിച്ചുതരുവാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇതിനാവശ്യമായ തുക/ഫീസ് എത്രയെന്ന് നിർദ്ദേശിക്കുന്ന പക്ഷം ആയവ ഒടുക്കുന്നതാണ്.






വിശ്വസ്തതയോടെ,

രമേഷ് നായർ